"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീ രതീഷ്. എസ്, രതീഷ് ഭവന് ലൈഫ് മിഷൻ പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2404/2023/LSGD തീയതി,തിരുവനന്തപുരം, 04-12-2023

---

പരാമർശം:-

1. ചെങ്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 27.06.2023 ലെ എ2/3139/23 നമ്പർ കത്ത്.
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/10/2023 ലെ യോഗത്തിന്റെ നടപടികുറിപ്പിലെ 2.7 ഖണ്ഡിക (4.23) തീരുമാനം

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിൽ രതീഷ് ഭവനിൽ ശ്രീ.രതീഷ്.എസ് സംസാരശേഷിയോ കേൾവിശേഷിയോ ഇല്ലാത്ത വ്യക്തിയാണ് . 2021 ൽ ബന്ധുക്കളും നാട്ടുകാരും കൂടി വാങ്ങി നൽകിയ അഞ്ചു സെന്റ് ഭൂമിയിൽ ഒറ്റമുറി വീട്ടിൽ താമസിക്കുന്ന ടിയാൻ 2020ൽ ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടില്ലെങ്കിലും, ലൈഫ് ഭവന പദ്ധതിയിൽ ഉൾപെടുത്തി വീട് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ചെങ്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. 26/10/2023 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. സംസാരശേഷിയോ കേൾവിശേഷിയോ ഇല്ലാത്ത വ്യക്തിയാണെന്നതു പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിൽ ചെങ്കൽ ഗ്രാമപഞ്ചായത്തിലെ ശ്രീ.രതീഷ്.എസ് ന് ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മിക്കാൻ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചെങ്കൽ ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba S C
Date: 06-12-2023 12:40:51

സെക്ഷൻ ഓഫീസർ